# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2589 18.08.2017 - ൽ മറുപടിക്ക്

## മലയോര ഹൈവേയുടെ പ്രവൃത്തി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നെന്മാറ നിയോജകമണ്ഡലത്തിലൂടെ കടന്ന് പോകുന്ന മലയോര ഹൈവേയുടെ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ; | (എ) മലയോര ഹൈവേ പദ്ധതിയ്ക്ക് സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 942/2017/പൊ.മ.വ തീയതി 10.07.2017 പ്രകാരം കിഫ്ബി വഴി 3500/- കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. നെന്മാറ നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന മലയോര ഹൈവേയുടെ നിർമ്മാണത്തിനു വേണ്ടിയുളള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) നിലവിൽ പദ്ധതി സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുളളതെന്ന് വിശദമാക്കാമോ; | (ബി) പ്രസ്തുത പദ്ധതിയ്ക്കായി നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | മലയോര ഹൈവേയുടെ വീതി എത്രയെന്നും, പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രത്യേകതകൾ എന്തെല്ലാമെന്നും വിശദമാക്കാമോ ? | (സി) | മലയോര ഹൈവേയുടെ വീതി കുറഞ്ഞത് 12 മീറ്ററാണ്. പ്രസ്തുത റോഡിൽ പാതയ്ക്ക് ഇരു വശങ്ങളിലായി ഓട, ബസ്ബേ, ജംഗ്ഷൻ വിപുലീകരണം, റോഡ് സുരക്ഷാക്രമീകരണങ്ങൾ, കേബിൾ ഡക്റ്റ് എന്നിവയാണ് വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ